## ഫിലി 4:5-9 അനുഭവമാക്കുവാനുള്ള രണ്ട് നന്മകൾ

**I. ഫിലിപ്പിയർ 4:5-9-ൽ നമ്മുടെ അനുഭവത്തിനായുള്ള ക്രിസ്തുവിന്റെ നന്മകൾ ക്രിസ്തുവിനെ ജീവിക്കുന്ന ഒരു ജീവിതത്തിന്റെ ആവിഷ്കാരമാണ്**

- സംയമനവും വിചാരപ്പെടാതിരിക്കുന്നതുമാണ് ക്രിസ്തുവിനെ ജീവിക്കുന്ന ഒരു ജീവിതത്തിന്റെ ആവിഷ്കാരത്തിന്റെ ആദ്യത്തെ രണ്ടു വശങ്ങൾ.
- സാത്താനിൽനിന്നു വരുന്ന ആകുലത, മനുഷ്യജീവിതത്തിന്റെ ആകെത്തുകയും, ക്രിസ്തുവിനെ ജീവിക്കുന്ന വിശ്വാസികളുടെ ജീവിതത്തെ അസ്വസ്ഥമാക്കുന്നതുമാണ്; ദൈവത്തിൽനിന്നു വരുന്ന സംയമനം, ക്രിസ്തുവിനെ ജീവിക്കുന്ന ഒരു ജീവിതത്തിന്റെ ആകെത്തുകയാണ്; ഇവ രണ്ടും വിപരീതങ്ങളാണ്

## സംയമനം ക്രിസ്തു തന്നെയാണ്

**II. "നിങ്ങളുടെ സംയമനം എല്ലാ മനുഷ്യരും അറിയട്ടെ, കർത്താവ് സമീപമുണ്ട്"—ഫിലി. 4:5**

- ക്രിസ്തീയ അനുഭവമനുസരിച്ച്, സംയമനം സർവവും-ഉൾക്കൊള്ളുന്നതാണ്, കാരണം അതിൽ എല്ലാ ക്രിസ്തീയ നന്മകളും ഉൾപ്പെടുന്നു; വാസ്തവത്തിൽ തന്റെ സമൃദ്ധമായ സഹായത്തോടുകൂടിയ സർവവും-ഉൾക്കൊള്ളുന്ന ആത്മാവായ സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവാണ് സംയമനം
- സർവവും-ഉൾക്കൊള്ളുന്ന ഒരു നന്മയെന്ന നിലയിൽ, സംയമനം ക്രിസ്തു തന്നെയാണ്; പൗലൊസിന് ജീവിക്കുന്നത് സംയമനമായിരുന്നു
  - കർത്താവായ യേശു മാത്രമാണ് സംയമനം നിറഞ്ഞ ഒരു ജീവിതം നയിച്ചത്; ക്രിസ്തുവിനു മാത്രമേ ഇന്ന് നമ്മുടെ തികഞ്ഞ സംയമനമായിരിക്കുവാൻ കഴിയുകയുള്ളൂ
  - നമ്മുടെ സംയമനം അറിയുമാറാക്കുകയെന്നാൽ എല്ലാ മാനുഷിക നന്മകളുടെയും ആകെത്തുകയായി ക്രിസ്തുവിനെ ആവിഷ്കരിക്കുന്ന ഒരു ജീവിതം നയിക്കുക എന്നാണ്
- രൂപാന്തരപ്പെടുന്നതിന്റെ, അതായത് ഏതു തരം ചുറ്റുപാടിലും, സാഹചര്യത്തിലും, അഥവാ പരിതസ്ഥിതിയിലും നമ്മുടെ സ്വാഭാവിക ജീവനിൽ ചയാപചയമായി മാറ്റപ്പെടുന്നതിന്റെ, രഹസ്യമായി ക്രിസ്തുവിനെ നാം പഠിക്കേണ്ടതാവശ്യമാണ്;

## ക്രിസ്തുവിനെ ജീവിക്കുന്ന രഹസ്യം—അവനോട് സംസാരിക്കുന്നത്

**III. നമ്മുടെ ദൈനംദിന ജീവിതത്തിൽ നമുക്ക് പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ... നമ്മുടെ ആത്മാവിൽ വസിക്കുന്ന ആത്മാവായ കർത്താവ് നമുക്ക് വളരെ സമീപമുണ്ട്... നിങ്ങൾക്ക് അവനുമായി സംസാരിക്കുവാനും സകലത്തിലും അവനുമായി ചർച്ച ചെയ്യുവാനും കഴിയും.... അവൻ നിങ്ങളുടെ ഉള്ളിലുണ്ട്, അവൻ നിങ്ങളോടുകൂടെ മുഖാമുഖം ഉണ്ട്... ഇതാണ് ക്രിസ്തുവിനെ ജീവിക്കുന്നത്. ഈ രഹസ്യം അറിയാത്തവർ ക്രിസ്തുവിനെ ജീവിക്കുന്നത് പ്രയാസമുള്ള ഒരു കാര്യമായി കണക്കാക്കുന്നു. വാസ്തവത്തിൽ, നിങ്ങൾ കർത്താവിനോട് നിരന്തരം സംസാരിക്കുന്നത് പരിശീലിക്കുകയേ വേണ്ടൂ; അപ്പോൾ സ്വതേ, നിങ്ങൾ ക്രിസ്തുവിനെ ജീവിക്കും"**

- സകല മനുഷ്യന്റെയും ബുദ്ധിയെ കവിയുന്ന ദൈവത്തിന്റെ സമാധാനം ക്രിസ്തു തന്നെയാണ്
- ദൈവസമാധാനം എന്നത് വാസ്തവത്തിൽ പ്രാർഥനയാൽ ദൈവവുമായുള്ള നമ്മുടെ കൂട്ടായ്മയിലൂടെ നമ്മിലേക്ക് സന്നിവേശിപ്പിക്കപ്പെടുന്ന, സമാധാനമായ ദൈവം തന്നെയാണ്, ഇത് പ്രശ്നങ്ങൾക്ക് സമഭാരവും ആകുലതയ്ക്ക് മറുമരുന്നുമാണ്

## ക്രിസ്തുവിനെ ജീവിക്കുന്ന ജീവിതത്തിന്റെ ആറ് നിയന്ത്രക വശങ്ങൾ

**IV. "ഒടുവിൽ സഹോദരന്മാരേ, സത്യമായതൊക്കെയും അന്തസ്സുറ്റതൊക്കെയും നീതിയായതൊക്കെയും നിർമലമായതൊക്കെയും രമണീയമായതൊക്കെയും പ്രശംസനീയമായതൊക്കെയും എന്തെങ്കിലും നന്മയും പുകഴ്ചയും ഉണ്ടെങ്കിൽ, അതൊക്കെയും എണ്ണിക്കൊള്ളുവിൻ"**

- ഈ നന്മകൾ ദൈവത്തിന്റെ ദേഹരൂപമായ ക്രിസ്തുവിനെ പിൻപറ്റുന്നവരുടെ ഉള്ളിൽനിന്നും ജീവിച്ചു വെളിപ്പെടുത്തുന്ന ദൈവത്തിന്റെ സദ്ഗുണങ്ങളുടെ ആവിഷ്കാരങ്ങളാണ്
- ഈ നന്മകൾ ക്രിസ്തുവിനെ ജീവിക്കുന്ന ഒരു ജീവിതത്തിന്റെ ആറ് നിയന്ത്രക വശങ്ങളാണ് ക്രിസ്തുവിനെ ജീവിക്കുന്ന ജീവിതം
  - സത്യമായത്—യാതൊരു നാട്യമോ വ്യാജമോ ഇല്ലാതെ, ധാർമികമായി സത്യസന്ധമായത്
  - അന്തസ്സുറ്റത്—ബഹുമാന്യവും, കുലീനവും, ഗൗരവമേറിയതും, ഉറച്ചതും, ഘനമേറിയതും, ആദരണീയവുമാണ്
  - നീതിയുള്ളത്—ദൈവത്തിനും മനുഷ്യനും മുമ്പാകെ നേരുള്ളതാണ്
  - നിർമലമായത്—ഉദ്ദേശ്യത്തിലും പ്രവൃത്തിയിലും യാതൊരു കലർപ്പുമില്ലാതെ ഏകാഗ്രമാണ്
  - രമണീയമായത്—പ്രിയങ്കരവും, ഹൃദ്യവും, സ്നേഹമുണർത്തുന്നതുമാണ്
  - പ്രശംസനീയമായത്—കീർത്തിപ്പെട്ടതും, സൽപ്പേരുള്ളതും, ആകർഷണീയവും, വശീകരിക്കുന്നതും, കൃപ നിറഞ്ഞതും ആണ്
- ഒരു ശരിയായ മനുഷ്യനായിരിക്കുന്നത് നമ്മുടെ മാനുഷിക നന്മകളിൽ ദൈവത്തിന്റെ ദിവ്യ സദ്ഗുണങ്ങളിലൂടെ അവനെ ആവിഷ്കരിക്കുന്നതാണ്

## എപ്പോഴും സംതൃപ്തനായിരിക്കുവാനുള്ള രഹസ്യം

**V. "ഞാൻ ആയിരിക്കുന്ന ഏതു സാഹചര്യത്തിലും സംതൃപ്തനായിരിക്കുവാൻ ഞാൻ പഠിച്ചിരിക്കുന്നു..."—ഫിലി. 4:11b-13**

- ഏത് പരിതസ്ഥിതിയിലും, ഏത് സാഹചര്യത്തിലും, ഏത് വിഷയത്തിലും ക്രിസ്തു നിമിത്തം സംതൃപ്തനും സന്തോഷിക്കുവനുമായിരുന്നുകൊണ്ട് ക്രിസ്തുവിനെ അനുഭമാക്കുന്നതിനുള്ള രഹസ്യമായി പൗലൊസ് ക്രിസ്തുവിനെ എടുത്തു
  - പൗലൊസ് ക്രിസ്തുവിലേക്കും ക്രിസ്തുവിന്റെ ശരീരത്തിലേക്കും നയിക്കപ്പെട്ടു.
  - ക്രിസ്തുവിനെ ജീവനായി എങ്ങനെ എടുക്കാമെന്നും, ജീവിക്കാമെന്നും, മഹിമപ്പെടുത്താമെന്നും, നേടാമെന്നും, എങ്ങനെ സഭാജീവിതം ഉണ്ടായിരിക്കാമെന്നുമുള്ള രഹസ്യം പൗലൊസ് പഠിച്ചു
  - ഈ നന്മകളുള്ള ഒരു ജീവിതം നയിക്കുന്നത് ഒരു ക്രിസ്തീയ വേല ചെയ്യുന്നതിനേക്കാൾ പ്രയാസകരമാണ്
  - ശക്തനാക്കുന്നവനെന്ന നിലയിൽ ക്രിസ്തുവിനെ അനുഭവമാക്കണമെങ്കിൽ നാം നിരന്തരം പ്രാർഥിക്കണം / പാപങ്ങൾ സമഗ്രമായ് ഏറ്റുപറയണം / ആരോഹണം എന്താണെന്ന് നാം അറിയുകയും, നാം സ്വീകരിച്ചിട്ടുള്ള ജീവൻ ഒരു സ്വർഗീയ ജീവനാണെന്ന് നാം അറിയുകയും വേണം